1998-1999	1,43,511.21
1999-2000	1,34,161.76
2000-2001	1,27,808.09

രൂപ വീതം സഹകരണസംഘങ്ങൾ ഭൂമി ഈടിന്മേൽ ലോൺ കൊടുത്തിട്ടുണ്ട്.

(സി) 1,440 പേരുടെ ഭൂമി ലേലം ചെയ്ത് വായ്പകൾ ഈടാക്കിയിട്ടുണ്ട്.

സഹകരണബാങ്കുകളുടെ ട്രഷറി നിക്ഷേപം

146 (371) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ സംസ്ഥാന സഹകരണബാങ്ക് എന്ത് തുക ട്രഷറിയിൽ നിക്ഷേപിച്ചു ;

(ബി) ഇതിന് എത്ര ശതമാനം പലിശ നൽകാമെന്നാണ് ഏറ്റിരുന്നത് ;

(സി) പ്രസ്തുത തുക സംസ്ഥാന സഹകരണബാങ്ക് എപ്പോൾ പിൻവലിച്ചു ;

(ഡി) പലിശയിനത്തിൽ പ്രസ്തുത തുകയ്ക്ക് അതുവരെ എന്തു തുക ലഭിച്ചു ; ഇത് എത്ര ശതമാനം പലിശയ്ക്ക് തുല്യമായിരുന്നു ;

(ഇ) ട്രഷറിയിൽ നിന്നും തുക പിൻവലിച്ചശേഷം സംസ്ഥാന സഹകരണബാങ്ക് എന്തു തുക ജില്ല സഹകരണബാങ്കുകൾക്ക് ക്രെഡിറ്റ് നൽകി ; അതിനുള്ള പലിശ നിരക്ക് എത്രയായിരുന്നു ;

(എഫ്) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്കാണ് ക്രെഡിറ്റ് നൽകിയത് ;

(ജി) പ്രസ്തുത തുക ജില്ല ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചുവോ ; എങ്കിൽ എന്ന് ; എത്ര ശതമാനം പലിശക്ക് ;

(എച്ച്) സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് ക്രെഡിറ്റ് കിട്ടിയ തുക ജില്ലാ സഹകരണബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ ഫലമായി നബാർഡ് സംസ്ഥാനത്തെ കർഷകർക്കുള്ള റിഫൈനാൻസിംഗ് നിർത്തിവച്ചിരിക്കുകയാണോ ;

(ഐ) ജില്ല സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിച്ച തുകയിൽ ഇനി എന്തു തുക തിരികെ കിട്ടുവാനുണ്ട് ;

(ജെ) റീഫൈനാൻസിംഗ് സൗകര്യം നബാർഡ് നിർത്തിവച്ചതിന്റെ ഫലമായി കർഷകർക്ക് ലഭിക്കാതെ വന്നിട്ടുള്ള കാർഷിക വായ്പകൾ എപ്രകാരം കൊടുക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 195 കോടി രൂപ.

(ബി) 15 ശതമാനം.

(സി) 30-4-1999-ൽ.

(ഡി) പലിശയിനത്തിൽ 17,54,59,252 രൂപ ലഭിച്ചു. നിക്ഷേപത്തീയതി മുതൽ 28-2-1999 വരെ 15 ശതമാനവും 1-3-1999 മുതൽ നിക്ഷേപം പിൻവലിച്ച തീയതിവരെ 14 ശതമാനം നിരക്കിലുമാണ്.

(ഇ-ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥയുടെ കാരണം പറഞ്ഞ് ചില ജില്ലാബാങ്കുകൾക്ക് നബാർഡ് റീഫൈനാൻസിംഗ് നൽകാതിരിക്കുകയായിരുന്നു. ഇപ്പോൾ ട്രഷറിയിൽ നിക്ഷേപം നടത്തിയതിന്റെ പേരിൽ ബാക്കി ജില്ലാ സഹകരണ ബാങ്കുകൾക്കുള്ള റീഫൈനാൻസ് കൂടി നബാർഡ് നിർത്തിവച്ചിരിക്കുകയാണ്.

(ഐ) 502.24 കോടി രൂപ.

(ജെ) നബാർഡ് റീഫൈനാൻസ് നിർത്തിവച്ചതിന്റെ പേരിൽ സംഘങ്ങളിൽ നിന്നും കർഷകർക്ക് കാർഷിക വായ്പകൾ ലഭിക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല.

സഹകരണബാങ്കുകൾ സർക്കാരിന് നൽകിയ തുക

147 (372) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എന്ത് തുകവീതം സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണബാങ്കുകളും സർക്കാരിന് നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നൽകിയതിൽ എന്തു തുക തിരിച്ചടച്ചിട്ടുണ്ട് ;

(സി) ഈ ഇനത്തിൽ എന്തു തുക പലിശയായി ലഭിച്ചിട്ടുണ്ട് ;

(ഡി) ഇനിയും എന്തു തുക ഈ ഇനത്തിൽ സർക്കാരിൽ നിന്നും സഹകരണ ബാങ്കുകൾക്ക് ലഭിക്കുവാനുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും താഴെ ചേർത്തിരിക്കുന്ന പ്രകാരം ട്രഷറിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly